(സി) പശ്ചിമഘട്ടവനങ്ങളിലെ വനജന്തു സമ്പത്തുക്കളെക്കുറിച്ച് എന്തെങ്കിലും സ്ഥിതിവിവരക്കണക്കുകൾ ഗവൺമെന്റ് ശേഖരിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

വനം വകുപ്പുമന്ത്രി (ശ്രീ. പി. നൂറുദ്ദീൻ) :

(എ) ഉണ്ട്.

(ബി) കേരളത്തിലെ വനങ്ങൾ മുഴുവനും പശ്ചിമ ഘട്ടവനങ്ങളാണ്. ഇവയുടെ ശാസ്ത്രീയമായ പരിപാലനം നടത്തുന്നതിന് ഓരോ ഡിവിഷനുകൾക്കും പ്രവർത്തനപദ്ധതികൾ തയ്യാറാക്കി അതിനനുസരണമായ പ്രവൃത്തനങ്ങൾ നടത്തിവരുന്നു. [വനസംരക്ഷണം, ശാസ്ത്രീയമായ വനവിവേശേഖരണം, തോട്ടം വച്ചുപിടിപ്പിക്കൽ, ഇടമുറി'ക്കൽ, കളയെടുക്കൽ തുടങ്ങിയവയാണ് പ്രധാന പരിപാടികൾ. ഇതുകൂടാതെ വനസമ്പത്തിന്റെയും വന്യജീവികളുടെയും സംരക്ഷണത്തിനായി കേരളത്തിൽ രണ്ടു ദേശീയ പാർക്കുകളും (ഇരവികുളവും സൈലന്റ് വാലിയും) ഒരു പക്ഷിസങ്കേതമുൾപ്പെടെ 12 വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ ആകെ വിസ്തീർണ്ണം ഏകദേശം 2028.9 ച. കി. മീറ്ററാണ്. സൈലന്റ് വാലി ദേശീയ പാർക്ക്, വയനാട് വന്യമൃഗസംരക്ഷണകേന്ദ്രം എന്നിവയും അവയോട് ചേർന്ന് കിടക്കുന്നു. റിസർവ് വനത്തിന്റെയും നിക്ഷിപ്ത വനത്തിന്റെയും ഏതാനും ഭാഗങ്ങളും ഇതിനിടെ നിലവിൽ വന്ന നീലഗിരി ബയോസ്ഫിയർ റിസർവിന്റെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വ്യവസായങ്ങൾക്കു ലഭിച്ച ലൈസൻസ്

*160. [163] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും ലൈസൻസ് ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര വ്യവസായങ്ങൾ ഉൽപ്പാദനം ആരംഭിച്ചു എന്ന് വെളിപ്പെടുത്താമോ ;

(സി) ഇതിലെല്ലാം കൂടി ആകെ എത്ര തൊഴിലാളികൾ പ്രവർത്തിക്കുന്നു എന്ന് വെളിപ്പെടുത്താമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 30-9-1986 വരെ എക്സ്പാൻഷനും ഡൈവേഴ്സിഫിക്കേഷനും ഉൾപ്പെടെ 97 വ്യവസായങ്ങൾക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നു ലൈസൻസ് ലഭിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചു വരുന്നു.

വെള്ള സിമന്റിന് ഈടാക്കുന്ന വില

*161. [164] ശ്രീ. തോമസ് കല്ലംപള്ളി :
,, സി. എഫ്. തോമസ് :
,, വി. സുരേന്ദ്രൻപിള്ള :

LIBRARY ARCHIVES Kerala Legislative Assembly